വിവരം നൽകുന്ന വിവരദായകർക്ക് പുരസ്കാരം, ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കാൻ കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിനായി ഊർജ്ജിത ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കെട്ടിക്കിടക്കുന്ന കേസുകളുടെ തീർപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിലേക്കായി 2 പുതിയ വിജിലൻസ് കോടതികളുടെ രൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഇന്ധന വിലക്കുറവ്വഴി ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തന നേട്ടം

26 (*326) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ധന വിലയിലുണ്ടായിട്ടുള്ള കുറവ് സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനത്തിലുണ്ടാക്കിയിട്ടുള്ള നേട്ടം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രതിദിനം ഈ ഇനത്തിൽ എത്ര തുകയുടെ നേട്ടം ഉണ്ടാകുന്നുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ ;

(സി) ഈ നേട്ടം പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ടോ ; ഇല്ലെങ്കിൽ വിലനിലവാരം കുറവായിരിക്കുമ്പോൾ പരമാവധി ഇന്ധനം ശേഖരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) പ്രതിദിനം ഏകദേശം 14 ലക്ഷം രൂപയുടെനേട്ടം ഇന്ധനവില കുറഞ്ഞതു മൂലം ഉണ്ടായിട്ടുണ്ട്.

(സി) ഈ നേട്ടം പ്രയോജനപ്പെടുത്തുന്നുണ്ട്. ഇന്ധനവിലയിൽ കുറവ് വന്നപ്പോൾ ഉണ്ടായ നേട്ടം ഉപയോഗിച്ച് പരമാവധി ഇന്ധനം സംഭരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly